**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 977** **26-07-2021 - ൽ മറുപടിയ്ക്ക്**

**അഴീക്കൽ തുറമുഖ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ . സണ്ണി ജോസഫ് | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ് ലിമിറ്റഡിന്റെ കീഴിൽ അഴീക്കലിൽ തുറമുഖം നിർമ്മിക്കുന്നതിനുള്ള ടെക്നോ ഇക്കണോമിക് സാധ്യതാ റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. |
| (ബി) | പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; ഏത് ഏജൻസിയെയാണ് ഇതിനായി ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ; കൺസൾട്ടൻസി ഫീസ് എത്രയെന്ന് അറിയിക്കുമോ; | (ബി) | M/s HOWE Engineering Projects India Private Limited എന്ന സ്ഥാപനം ഡി.പി.ആർ തയ്യാറാക്കി-കൊണ്ടിരിക്കുന്നു. കൺസൽട്ടൻസി ഫീസ്: 3,23,32,260 (ജി.എസ്.ടി ഉൾപ്പെടുത്തി) രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. |
| (സി) | സെസ്/വ്യവസായ പാർക്ക് നിർമ്മിക്കുന്നതിനായി പഠനം നടത്തുവാൻ ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനായി നിയോഗിച്ച ഏജൻസി ഏതെന്നും കൺസൾട്ടൻസി ഫീസ് ഇനത്തിൽ നല്കുന്ന തുക എത്രയെന്നും അറിയിക്കുമോ; ഈ പദ്ധതി സംബന്ധിച്ച് പാരിസ്ഥിതിക ആഘാത പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ് പഠനം നടത്തിയതെന്ന് അറിയിക്കുമോ; | (സി) | ഉണ്ട്. M/s. Tata Consulting Engineers നെ 2,10,00,000 (ജി.എസ്.ടി ഉൾപ്പെടുത്താതെ) രൂപ കൺസൽട്ടൻസി ഫീസ് നിശ്ചയിച്ച് ചുമതല പ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ. പാരിസ്ഥിതിക ആഘാത പഠനം നടത്തേണ്ട ഘട്ടം എത്തിയിട്ടില്ല. |
| (ഡി) | മേൽപറഞ്ഞ ഏജൻസികൾക്ക് അതാത് മേഖലയിൽ പഠനം നടത്തുന്നതിനുള്ള അംഗീകാരമുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ഡി) | ഉണ്ട്. നിലവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് ഈ മേഖലയിൽ മുൻ പരിചയവും യോഗ്യതയുമുള്ള വിദഗ്ദ്ധന്മാർ ഉണ്ടെന്ന് ഉറപ്പുവരുത്തിയതിനു ശേഷമാണ് ഫിനാൻഷ്യൽ ബിഡ് തുറന്നു മേൽ പറഞ്ഞ ഏജൻസികൾക്ക് കോൺട്രാക്ട് നൽകിയിട്ടുള്ളത്. |
| (ഇ) | പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ? | (ഇ) | സംസ്ഥാന സർക്കാരിന്റെ മുൻഗണന പദ്ധതികളിൽ ഉൾപ്പെടുത്തി പദ്ധതിയുടെ അവലോകനം സർക്കാർ തലത്തിൽ നടത്തുന്നുണ്ട്. കൂടാതെ കമ്പനി തലത്തിലും, കൺസൾട്ടന്റിന്റെ പ്രവർത്തന |

| | | | |
|---|---|---|---|
| | | | പുരോഗതി നിരന്തരം വിലയിരുത്തുകയും എല്ലാ റിപ്പോർട്ടിനും പല ഘട്ടങ്ങളിലായി കമ്പനിയുടെ ടെക്നിക്കൽ അഡ്വൈസറും മാനേജിങ് ഡയറക്ടറും ആവശ്യമായ നൽകിവരികയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ